**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1255** **07-12-2022 - ൽ മറുപടിയ്ക്ക്**

**കേരളത്തിലെ പാൽ ഉത്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ പ്രതിദിനം ആകെ ആവശ്യമായ പാലിന്റെ അളവ് എത്രയാണ്; കേരളത്തിൽ ഉല്പാദിപ്പിക്കുന്ന പാലിന്റെ അളവ് എത്രയാണ്; ഇപ്പോൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കേരളം വാങ്ങുന്ന പാലിന്റെ അളവ് എത്രയാണ്; വിശദമാക്കാമോ; | (എ) | കേരളത്തിന്റെ ജനസംഖ്യ അനുപാതത്തിൽ പ്രതിദിനം ആകെ ആവശ്യമായ പാലിന്റെ അളവ് 89 ലക്ഷം ലിറ്റർ ആണ്. എന്നാൽ സംസ്ഥാനത്തു പ്രതിദിന ഉല്പാദനം 81 ലക്ഷം ലിറ്റർ മാത്രമാണ്. ക്ഷീരസഹകരണ മേഖലയിൽ (മിൽമ) അന്യസംസ്ഥാനത്ത് നിന്ന് അഭ്യന്തര വിപണനത്തിനായി പ്രതിദിനം 2.86 ലക്ഷം ലിറ്റർ പാൽ ശേഖരിക്കുന്നുണ്ട്. |
| (ബി) | പാലുല്പാദനത്തിൽ കേരളത്തെ സ്വയംപര്യാപ്തമാക്കുവാൻ എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കി വരുന്നതെന്നും ഇതുവഴി എന്ത് മാറ്റം കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടെന്നും വിശദമാക്കാമോ; | (ബി) | പാലുല്പാദനത്തിൽ കേരളത്തെ സ്വയംപര്യാപ്തമാക്കുന്നതിനായി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്നു. 2 പശു യൂണിറ്റ് , 5പശു യൂണിറ്റ്, 10 പശു യൂണിറ്റ് എന്നിവയ്ക്കും, കിടാരി പാർക്ക്, ക്ഷീര ഗ്രാമം, എന്നീ പദ്ധതികൾക്കും ധനസഹായം നൽകിവരുന്നു. കൂടാതെ ഡയറി ഫാം സ്ഥാപിക്കുന്നതിനും, ഫാം യന്ത്രവത്ക്കരണത്തിനും ആധുനികവത്ക്കരണത്തിനുമായിട്ടുള്ള ഘടകങ്ങൾക്കുള്ള ധനസഹായവും നൽകുന്നുണ്ട്. ഇതിനു പുറമേ വാണിജ്യാടിസ്ഥാനത്തിൽ ഫാം നടത്തുന്നവർക്കും, കറവ യന്ത്രം വാങ്ങുന്നവർക്കും അർഹത മുൻഗണന മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം നൽകി വരുന്നുണ്ട്. ഡയറി ഫാം ആരംഭിക്കുന്നതിനും ഫാം ആധുനികവത്ക്കരണം ഉറപ്പാക്കുന്നതിനുമായി ബാങ്ക് വായ്പ എടുക്കുന്ന കർഷകർക്ക് പലിശ ഇളവ് നൽകുന്ന പദ്ധതി വകുപ്പ് 2022-23 വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്.<br><br>ആദായകരമായ ക്ഷീരവൃത്തി ഉറപ്പാക്കുന്നതിനായി ധനസഹായത്തോട് കൂടി പച്ചപ്പുൽ, |

വൈക്കോൽ,സൈലേജ്, ടി എം ആർ എന്നിവ നൽകി വരുന്നുണ്ട്. സർക്കാർ ധനസഹായത്തോടെ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലൂടെ തീറ്റപ്പുൽ വ്യാപനം, തരിശുഭൂമിയിലെ തീറ്റപ്പുൽകൃഷി, യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു.

വയനാട്, ഇടുക്കി ജില്ലയിലെ ക്ഷീരകർഷകർക്കായി പ്രത്യേക ക്ഷീരവികസന പാക്കേജും നടപ്പിലാക്കി വരുന്നുണ്ട്.

കാലഘട്ടത്തിന് അനുസൃതമായ ക്ഷീരവൃത്തി നടപ്പിലാക്കുന്നതിന് കർഷകരെ സജ്ജമാക്കുവാൻ വകുപ്പിന്റെ ക്ഷീരപരിശീലന കേന്ദ്രങ്ങൾ നിർണ്ണായകമായ പങ്ക് വഹിച്ചുവരുന്നു.

ക്ഷീരസഹകരണ സംഘങ്ങളിലൂടെ ക്ഷീരകർഷകർ ഉത്പാദിപ്പിക്കുന്ന പാൽ പൂർണ്ണമായും സംഭരിച്ച്, സംസ്കരിച്ച്, വിപണനം നടത്തുന്നതിന് സാധിക്കുന്നു.

ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീര കർഷകർക്ക് പെൻഷൻ കുടുംബപെൻഷൻ, വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം മരണാനന്തര ധനസഹായം, കോവിഡ് ആശ്വാസ ധനസഹായം തുടങ്ങിയ ക്ഷേമപ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. തദ്വാര ക്ഷീരകർഷകരുടെ സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പാക്കുക എന്ന ദൌത്യം ക്ഷീരവികസന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു

ക്ഷീരസഹകരണ മേഖലയിൽ കേരളം സ്വയം പര്യാപ്തത കൈവരിച്ചു വരുന്നു. 2015-16 വർഷം മിൽമ പ്രതിദിനം ഏകദേശം 5.5 ലക്ഷം ലിറ്റർ പാൽ ഇറക്കുമതി ചെയ്തിരുന്നുവെങ്കിൽ പാലുല്പാദനം വർദ്ധിച്ച സാഹചര്യത്തിൽ സംസ്ഥാനത്തിനകത്തെ ആവശ്യം കഴിഞ്ഞ് അധികമുള്ള പാൽ പാൽപ്പൊടി ആക്കുന്നതിനായി അന്യസംസ്ഥാനത്തെ ആശ്രയിക്കുന്ന സ്ഥിതിയിൽ എത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന മുഴുവൻ പാലും സംഭരിക്കുവാൻ നിലവിൽ സംവിധാനമുണ്ട്. സംസ്ഥാനത്തുതന്നെ പാൽപ്പൊടി നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി മലബാർ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയന്റെ ഉടമസ്ഥതയിൽ മലപ്പുറം ജില്ലയിലുള്ള മൂർക്കനാട് 53 കോടി രൂപ മുതൽമുടക്കിൽ ആധുനിക

| | | | |
|---|---|---|---|
| | | | പാൽപ്പൊടി നിർമ്മാണഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു |
| (സി) | സംസ്ഥാനത്തെ ക്ഷീര കർഷകർക്ക് ക്ഷീര സംഘങ്ങൾ വഴി നിലവിൽ ലഭിക്കുന്ന പാൽവില എത്രയാണ്; യഥാർത്ഥ വില തന്നെ ക്ഷീരകർഷകർക്ക് ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; ഇവർക്ക് മറ്റ് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിച്ചു വരുന്നത്; വിശദമാക്കാമോ; | (സി) | 2022 ഡിസംബർ ഒന്നാം തീയതി മുതൽ പാൽ വില ലിറ്ററിന് 6 രൂപ വർദ്ധിപ്പിച്ചപ്പോൾ വർദ്ധനവിന്റെ 83.75 ശതമാനം അതായത് 5.025 രൂപ കർഷകർക്ക് ലഭിക്കും. ക്ഷീര കർഷക ക്ഷേമനിധി ബോർഡിന് 0.75 ശതമാനവും (0.045 രൂപ) ഡീലർമാർക്കും സംഘങ്ങൾക്കും 5.75 ശതമാനം വീതം (0.345 രൂപ) മിൽമയ്ക്കു 3.5 ശതമാനവും (0.21 രൂപ) പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിന് 0.5 ശതമാനവും (0.03 രൂപ) ലഭ്യമാകുന്ന രീതിയിലാണ് വിഭജിച്ചിരിക്കുന്നത്. 3.0/8.5 ഗുണനിലവാരമുള്ള പാൽ സംഘത്തിൽ കർഷകർ നൽകുമ്പോൾ 5.025 രൂപ കർഷകന് അധികമായി ലഭിക്കും. ഗുണനിലവാരത്തിനനുസരിച്ച് അധികവില ലഭിക്കുന്ന രീതിയിലുള്ള ചാർട്ടാണ് മൊത്ത ഖരപദാർത്ഥങ്ങളുടെ അളവിനനുസരിച്ച് മിൽമ തയ്യാറാക്കിയിരിക്കുന്നത്. മേഖലായൂണിയനുകളിൽ നിന്നും ക്ഷീര സഹകരണ സംഘങ്ങളിലേയ്ക്കും ക്ഷീര സംഘങ്ങളിൽ നിന്ന് കർഷകർക്കും വേണ്ടിയുള്ള പ്രത്യേകം ചാർട്ടുകൾ തയ്യാറാക്കി സംഘങ്ങളിലും മേഖലാ യൂണിയനുകളിലും എത്തിച്ചിട്ടുണ്ട്. കൃത്യമായി പത്ത് ദിവസത്തിലൊരിക്കൽ പാൽ വില നൽകുന്ന രീതിയാണ് മിൽമ തുടർന്ന് വരുന്നത്. ക്ഷീര വികസന വകുപ്പിലെ ജില്ലാ ഗുണനിയന്ത്രണ ഓഫീസർമാരും ക്ഷീര വികസന വകുപ്പിലെ ഉദ്യോഗസ്ഥരും യഥാക്രമം ചാർട്ടിലെ പാൽ വില കർഷകന് ലഭിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.<br><br>ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് പച്ചപ്പുല്ലും, വൈക്കോലും, സബ്സിഡി നിരക്കിൽ നൽകി വരുന്നു. 2022-23 വർഷത്തിൽ 257 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. ക്ഷീര സംഘങ്ങൾ മുഖേനയാണ് ടി സഹായ പദ്ധതി നടപ്പിലാക്കുന്നത്. ഒരു ക്ഷീരസംഘത്തിന് പരമാവധി ഒരു ലക്ഷം രൂപ വരെ സഹായം നൽകി വരുന്നു. പച്ചപ്പുല്ലിന് കിലോയ്ക്കു 3 രൂപ നിരക്കിലും, വൈക്കോൽ TMR തുടങ്ങിയവയ്ക്കു കിലോഗ്രാമിന് 4 രൂപ നിരക്കിലും ഒരു ഗുണഭോക്താവിന് പരമാവധി 7,000/- രൂപ വരെയാണ് ഈ പദ്ധതിയിലൂടെ ധനസഹായം നൽകുന്നത്. കൂടാതെ ക്ഷീരസംഘത്തിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും ക്ഷീരവികസന വകുപ്പിന്റെ ഒരു രൂപയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 3 രൂപയും ചേർത്ത് ആകെ 4 രൂപ ഇൻസെന്റീവ് നൽകുന്നുമുണ്ട്. |
| | | | |

| | | | |
|---|---|---|---|
| (ഡി) | ക്ഷീര സംഘങ്ങൾ വഴിയല്ലാതെ വിൽപ്പന നടത്തുന്ന ക്ഷീരകർഷകർക്ക് ഉയർന്ന വില ലഭിക്കുന്ന സാഹചര്യത്തിൽ, ക്ഷീരസംഘങ്ങളിലെ കർഷകർക്ക് നിലവിൽ നൽകുന്ന പാൽവില വർദ്ധിപ്പിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | ക്ഷീരസംഘത്തിൽ അളക്കുന്ന പാലിന്റെ സംഭരണ വില വർദ്ധിപ്പിച്ചിട്ടുണ്ട്. 2022 ഡിസംബർ ഒന്നാം തീയതി മുതൽ പാൽ വില വർദ്ധനവ് പ്രാബല്യത്തിൽ വരികയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ